"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകുന്നതിനുള്ള പരിഷ്കരിച്ച വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (റൂൾസ്-ബി) വകുപ്പ്**

സ.ഉ.(അച്ചടി) നം.6/2026/P&ARD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-
1. 29-03-2025-ലെ സ.ഉ.(അച്ചടി) നം.4/2025/പി.&എ.ആർ.ഡി നമ്പർ ഉത്തരവ്.
2. 09-11-2025-ലെ സ.ഉ.(അച്ചടി) നം.15/2025/പി.&എ.ആർ.ഡി. നമ്പർ ഉത്തരവ്

**ഉത്തരവ്**

സംസ്ഥാന സർക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ അതിലംഘനം ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) ഉത്തരവും പുറപ്പെടുവിച്ചിരുന്നു. എന്നാൽ Out of Turn Priority നിയമനം, തസ്തിക മാറ്റത്തിനുള്ള കാലതാമസം പരിഹരിക്കൽ, വിധവ/വിഭാര്യൻ പുനർവിവാഹം ചെയ്യുന്ന കേസുകളിൽ ആശ്രിതനിയമനം അനുവദിക്കുന്നത്, ശൂന്യവേതനാവധിയിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതരുടെ നിയമനം, ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിലെ ആശ്രിത നിയമനം എന്നീ വിഷയങ്ങളിൽ അവ്യക്തത നിലനില്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ടി വിഷയങ്ങളിൽ സ്പഷ്ടീകരണം നൽകുന്നത് ഉചിതമായിരിക്കുമെന്ന് സർക്കാർ കരുതുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ സർക്കാർ സർവീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള വിഷയങ്ങളിൽ സ്പഷ്ടീകരണം നല്കി ഉത്തരവാകുന്നു.

(1) Out of Turn Priority പ്രകാരം ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് അവർ അപേക്ഷിച്ചിട്ടുള്ള തസ്തികയിൽ നിലവിലുള്ളതോ ഏറ്റവും ആദ്യമുണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നല്കേണ്ടതാണ്. പ്രസ്തുത ഒഴിവ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്യുന്നതിന് മാറ്റി വച്ചിട്ടുള്ള

ഒഴിവുകളിൽ, ഏറ്റവും ആദ്യത്തെ അവസരത്തിൽ തന്നെ ക്രമീകരിക്കേണ്ടതാണ്.

(2) പുതുക്കിയ ഉത്തരവ് തീയതിയായ 29.03.2025-ന് മുൻപ് അപേക്ഷ സമർപ്പിച്ച് നിയമനം കാത്തിരിക്കുന്നവർക്ക് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക V(9) ൽ പ്രതിപാദിക്കുന്ന പ്രകാരം തസ്തിക മാറ്റ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം പരിഹരിച്ചുനൽകാവുന്നതാണ്.എന്നാൽ 29.03.2025-ന് ശേഷം ആശ്രിത നിയമനത്തിന് അപേക്ഷിക്കുന്നവർ മേൽ ആനുകൂല്യത്തിന് അർഹരല്ല.

(3) സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ വിധവ/വിഭാര്യൻ എന്നിവർ അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ പുനർവിവാഹിതരാണെങ്കിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. അത്തരം സാഹചര്യങ്ങളിൽ അർഹതയുള്ള മറ്റ് ആശ്രിതർക്ക് അവരുടെ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ ആശ്രിതനിയമനം നല്കാവുന്നതാണ്. ആശ്രിതർ തമ്മിൽ തർക്കമുണ്ടാകുന്ന സാഹചര്യത്തിൽ വിധവ/ വിഭാര്യൻ എന്നിവരുടെ സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിലും ആയത് ലഭ്യമല്ലാത്ത സാഹചര്യത്തിൽ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി ആശ്രിതരെ നേരിൽ കേട്ടുകൊണ്ടും ഭരണ വകുപ്പ് തീരുമാനമെടുക്കേണ്ടതാണ്.

(4) പരാമർശം (1) ഉത്തരവിലെ ഖണ്ഡിക I (9) പ്രകാരം കേരള സർവീസ് റൂൾസ് ഭാഗം I, അനുബന്ധം XII A പ്രകാരം ശൂന്യവേതനാവധിയിലായിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കാണ് ആശ്രിത നിയമനത്തിന് അർഹതയുള്ളതായി പ്രതിപാദിച്ചിരുന്നത്. എന്നാൽ കെ.എസ്.ആറിലെ മറ്റ് ചട്ടങ്ങൾ പ്രകാരമുള്ള ശൂന്യവേതനാവധി അനുഭവിച്ചുകൊണ്ടിരിക്കെ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്കും സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(5) ഹെഡ് ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിക്കപ്പെടുന്ന ജീവനക്കാർ സ്വന്തം ഓപ്റ്റഡ് ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിച്ച് വിടുതൽ ചെയ്യതിനെ തുടർന്ന് ഉണ്ടാകുന്ന ഒഴിവ് അതേ ജില്ലാ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുകയാണ് ചെയ്യുന്നത്. ഇപ്രകാരമുണ്ടാകുന്ന compensation ഒഴിവുകളെ ആശ്രിത നിയമനത്തിനായി 16 -ാമത്തെ ഒഴിവ് മാറ്റി വയ്ക്കുന്നതിനായി പരിഗണിക്കേണ്ടതില്ല. മേൽ പറഞ്ഞ സാഹചര്യത്തിലല്ലാതെ പ്രൊമോഷൻ, വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നത്, ശൂന്യവേതനാവധി, അന്യത്രസേവനം മുതലായവ മുഖേനയുണ്ടാവുന്നതും ആസ്ഥാന കാര്യാലയത്തിൽ നിന്നും റിപ്പോർട്ട് ചെയ്തുവരുന്നതുമായ ഫ്രഷ് ഒഴിവുകളെ ആസ്ഥാന ഒഴിവുകളായി കണക്കാക്കേണ്ടതും ടി ഒഴിവുകളുടെ 16 -ാമത്തെ ഒഴിവ്

ആശ്രിത നിയമനത്തിനായി നീക്കി വെക്കേണ്ടതാണ്.

(6) പരാമർശം (1) ഖണ്ഡിക XII(4), (5) എന്നിവയിൽ പരാമർശിക്കുന്ന ആറുമാസത്തെ സമയ പരിധി 21 വയസ്സിന് മുകളിലുള്ള അപേക്ഷകർക്ക് മാത്രമായി നിജപ്പെടുത്തുന്നു. അപേക്ഷകൻ മൈനറാണെങ്കിൽ, 21 വയസ്സിന് മുൻപ്, അതായത് മേജറായി മൂന്നു വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. 18 വയസ്സിന് മുകളിൽ എന്നാൽ 21 വയസ്സിന് താഴെയുള്ള ആശ്രിതരുടെ കാര്യത്തിൽ 21 വയസ്സ് തികയുന്നതോ അതോ അപേക്ഷ പിൻവലിച്ച് ആറുമാസം തികയുന്നതോ ഏതാണോ പിന്നീട് അതുവരെ അപേക്ഷ സമർപ്പിക്കുന്നതിന് സമയ പരിധി അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്കും

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും,

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)

വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യാഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

നോഡൽ ഓഫീസർ, പി & എ ആർ ഡി (വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ